**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഹരിത ഊർജ്ജം വരുമാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് അനെർട്ടിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.പി.എൽ കുടുംബാംഗങ്ങളുടെ വീടുകളിൽ അനർട്ട് സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനോടൊപ്പം ഗുണഭോക്താക്കൾക്ക് അധികവരുമാനം ലഭിക്കുന്ന പദ്ധതിയാണ് 'ഉന്നതി-ഹരിതവരുമാന പദ്ധതി'. വൈദ്യുതി ചെലവ് കുറയ്ക്കുന്നതോടൊപ്പം ഇൻഡക്ഷൻ സ്റ്റൗ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുടുംബങ്ങളിലെ പാചകവാതക ചെലവിൽ കുറവു വരുത്തി സാമ്പത്തികമായി ശാക്തീകരിക്കുകയാണ് ഉദ്ദേശ്യം. തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ യഥാക്രമം 91, 105, 109 ഗുണഭോക്താക്കളുടെ വീടുകളിൽ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അനുമതി നൽകിയ തുകയിൽ നിന്നും അധികരിക്കാതെ 5 പേർക്ക് കൂടി അധികമായി സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ